"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മണിയപ്പൻ, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ. വിനോദ്കുമാർ കെ.ആർ., തുറവൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. പ്രമോദ് എം.എസ്., തുറവൂർ ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. കനകരാജ് എന്നിവർക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1079/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/06/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.11.2017-ലെ ഇ6(ക്യൂ.വി. 02/2016/എ.എൽ.പി) 1257/2016 നമ്പർ കത്ത്

2 സർക്കാരിന്റെ 21.11.2018, 28.11.2018 എന്നീ തീയതികളിലെ 60/ഇപിബി2/2018/തസ്വഭവ നമ്പർ കുറ്റപത്രങ്ങൾ

3 പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മണിയപ്പൻ, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ.വിനോദ്കുമാർ കെ.ആർ. എന്നിവർ 11.02.2019-ലും, തുറവൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. പ്രമോദ് എം.എസ്. 14.02.2019-ലും, തുറവൂർ ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. കനകരാജ് തീയതി രേഖപ്പെടുത്താതെയും സമർപ്പിച്ച പ്രതിവാദ പത്രികകൾ

4 പഞ്ചായത്ത് ഡയറക്ടറുടെ 18.11.2019-ലെ PAN/237/2019-D8(DP) നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ പാണാവള്ളി പഞ്ചായത്ത് സെക്രട്ടറി ശ്രീ. മണിയപ്പൻ, തുറവൂർ, കോടംതുരുത്ത്, പാണാവള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിയായിരിക്കെ നടത്തിയ അഴിമതി സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മണിയപ്പൻ, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ. വിനോദ്കുമാർ കെ.ആർ., തുറവൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. പ്രമോദ് എം.എസ്., തുറവൂർ ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. കനകരാജ് എന്നിവർക്കെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. മണിയപ്പൻ, ശ്രീ. വിനോദ്കുമാർ കെ.ആർ., ക്ലാർക്ക് ശ്രീ. പ്രമോദ് എം.എസ്., ശ്രീ. കനകരാജ് എന്നിവർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മണിയപ്പൻ, ശ്രീ. വിനോദ്കുമാർ കെ.ആർ.,

ശ്രീ. പ്രമോദ് എം.എസ്. , ശ്രീ. കനകരാജ് എന്നിവർക്കെതിരെ പരാമർശം ( 2 ) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാളുകൾക്കെതിരായ അച്ചടക്കനടപടിയിൽ തുടർനടപടിക്രമങ്ങളുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മണിയപ്പൻ, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ. വിനോദ്കുമാർ കെ.ആർ., തുറവൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. പ്രമോദ് എം.എസ്., തുറവൂർ ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. കനകരാജ് എന്നിവർക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

   (പരാമർശം (1) മുതൽ (3) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)
3. ശ്രീ. മണിയപ്പൻ, മുൻ സെക്രട്ടറി, പാണാവള്ളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ശ്രീ. വിനോദ്കുമാർ കെ.ആർ, മുൻ സീനിയർ ക്ലാർക്ക്, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം മുഖേന)
5. ശ്രീ. പ്രമോദ് എം.എസ്., മുൻ ക്ലാർക്ക്, തുറവൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം മുഖേന)
6. ശ്രീ. കനകരാജ്, മുൻ ക്ലാർക്ക്, തുറവൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
8. പ്രസിഡന്റ്/സെക്രട്ടറി, പാണാവള്ളി/കോടംതുരുത്ത്/തുറവൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

9. ഡയറക്ടർ. ഐ.കെ.എം, തിരുവനന്തപുരം

10. വിവര. പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/60/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by UDHEER S S
Date: 2020.06. 6:47:57 IST
Reason: Approved
സെക്ഷൻ ഓഫീസർ